**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് പത്തനംതിട്ട ജില്ല - 2007-2008 വർഷം മുതൽ 2010-2011 വർഷം വരെയുള്ള ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.8, 3.1 സാധൂകരണം- സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

സ.ഉ (സാധാ) നം. 1074 /16/തസ്വഭവ.          തിരുവനന്തപുരം, തീയതി: 03/03/2016

**പരാമർശം:-  1) പഞ്ചായത്ത് ഡയറക്ടറുടെ 08/06/2015-ലെ എം3-10065/15 നമ്പർ കത്ത്.**

**2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 09/01/2016-ലെ എൽ.എഫ്. 9099/പിറ്റി1/2015 നമ്പർ കത്ത് .**

## <u>ഉത്തരവ്</u>

പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2007-2008 വർഷം മുതൽ 2010-2011 വർഷം വരെയുള്ള ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.8 പ്രകാരം സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പട്ടികജാതിവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനസാമഗ്രികൾ വാങ്ങുന്നതിനായി ചെലവ് ചെയ്ത 1,50,000/- (ഒരു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം )രൂപ ആഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു. ഖണ്ഡിക 3.1 പ്രകാരം മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി, വിവിധ കുടിവെള്ളപദ്ധതികൾക്കുള്ള വൈദ്യുതചാർജ്ജിനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവ് ചെയ്ത 1,27,274(ഒരു ലക്ഷത്തി ഇരുപത്തിഏഴായിരത്തി ഇരുന്നൂറ്റിഎഴുപത്തിനാല് ) രൂപ ആഡിറ്റ് നിരാകരിക്കുകയും സർക്കാർ സാധൂകരണം ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

ടി വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി 09/05/2014 ലെ V(8)-ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, 06/07/2013 ലെ VII(2)-ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ജില്ലാതലആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ തീരുമാനം എന്നിവ സഹിതം പഞ്ചായത്ത് ഡയറക്ടർ മുഖേന പരാമർശം(1) പ്രകാരം ഗ്രാമപഞ്ചായത്ത് സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന ചെലവ് ചെയ്യാനുണ്ടായ സാഹചര്യം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ടി വിഷയത്തിൽ പരാമർശം(2) പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ

ലഭ്യമാക്കിയ റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ, പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ ഖണ്ഡിക 3.8, 3.1 എന്നിവ പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ ചെലവിന് സർക്കാർ സാധൂകരണം നല്കുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണ് എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിലെ നിർദ്ധനരായ പട്ടികജാതിവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി പഞ്ചായത്ത് ഏറ്റെടുത്ത് നടത്തിയ പദ്ധതിയാണ് ഖണ്ഡിക 3.8 ൽ പരാർശിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ പാവപ്പെട്ട കോളനിവാസികളുടെ ക്ഷേമത്തിനായാണ് ഖണ്ഡിക 3.1ൽ പരാർശിച്ചിട്ടുള്ള തുക ചെലവഴിച്ചിട്ടുള്ളത് എന്ന് പഞ്ചായത്ത് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ, പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2007-2008 വർഷം മുതൽ 2010-2011 വർഷം വരെയുള്ള ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.8 പ്രകാരം പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 1,50,000/-രൂപ (ഒരു ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) രൂപയും ഖണ്ഡിക 3.1 പ്രകാരം പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 1,27,274/-(ഒരു ലക്ഷത്തി ഇരുപത്തിഏഴായിരത്തി ഇരുന്നൂറ്റി എഴുപത്തിനാല് രൂപ മാത്രം )രൂപയും സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പഴനിയമ്മ.കെ.ആർ

ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
സെക്രട്ടറി, തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ല
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ